# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3585 — 20.06.2018 - ൽ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിലെ പതിനൊന്ന് എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ സേവനം ചെയ്യുന്ന എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ടെന്ന് വ്യക്തമാക്കുമോ; | എ) & ബി) | പി.എസ്.സി വഴി നിയമിതരായ 50 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ദുരിതബാധിത പഞ്ചായത്തുകളിൽ ഇപ്പോൾ സേവനം നൽകി വരുന്നു. കൂടാതെ, 2010 ൽ 31 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. വർഷാവർഷം കരാർ പുതുക്കി നൽകുകയും 2017 ഒക്ടോബർ വരെ ദേശീയ ആരോഗ്യ ദൗത്യം വഴിയും, 2018 മാർച്ച് വരെ സാമൂഹ്യ സുരക്ഷാ മിഷൻ വഴിയും ശമ്പളം നൽകിവന്നിരുന്നു. ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിന് വേണ്ടിയുള്ള സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് പ്രവർത്തനങ്ങൾക്കായിരുന്നു ഇവരെ പ്രയോജനപ്പെടുത്തിയിരുന്നത്.<br>2010 ൽ ഇവരെ നിയമിക്കുമ്പോൾ മൊത്തം ശമ്പളം 6,680/- രൂപയായിരുന്നു. 2017 ഒക്ടോബർ വരെ 11,630/- ആയിരുന്നു ശമ്പളം. ഇത് കൂടാതെ എൻ.എച്ച്.എം സ്റ്റേറ്റ് ആർ.ഒ.വി അനുവദിച്ചിരുന്ന ശമ്പള വർദ്ധനവും ഇ.പി.എഫ്, ഇ.എസ്.ഐ ആനുകൂല്യങ്ങളും നൽകിയിരുന്നു. |
| ബി) | ഇവരെ നിയമിച്ചത് ഏത് വർഷമാണെന്നും ഇവർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്താണെന്നും ഇവർക്ക് നൽകി വരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്താണെന്നും വ്യക്തമാക്കാമോ; | | |
| സി) | ഈ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഇപ്പോൾ കൂട്ടത്തോടെ പിരിച്ചുവിട്ടതായ വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകാലങ്ങളിൽ എൻഡോസൾഫാൻ പുനരധിവാസ പദ്ധതിയ്ക്കായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ചിരുന്ന തുകയിൽ നിന്നും സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന തസ്തികകൾക്ക് ഉപരിയായി, അധികമായി കാസർഗോഡ് ജില്ലയിൽ കരാർ അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചിരുന്നു. എന്നാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾക്ക് 2017-18 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എൻ.എച്ച്.എം റെക്കോർഡ് ഓഫ് പ്രൊസിഡിംഗ്സ് |

| | | | |
|---|---|---|---|
| | | | (ആർ.ഒ.പി) പ്രകാരം അംഗീകാരം ലഭിക്കാത്തതു കാരണം 2018 മാർച്ചിനുശേഷം ഇവർക്ക് നിയമനം പുതുക്കി നൽകിയില്ല. |
| ഡി) | കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പലഭാഗത്തും മഴക്കാല രോഗങ്ങൾ വ്യാപകമായി പടർന്ന് പിടിച്ചപ്പോൾ എൻഡോസൾഫാൻ ബാധിത മേഖലകളിൽ രോഗപ്പകർച്ച തടയുന്നതിൽ ഈ ജെ.എച്ച്.ഐ. മാരുടെ സേവനം നിർണ്ണായകമായിരുന്നോ; വ്യക്തമാക്കുമോ ? | ഡി) | നിർണ്ണായകമായിരുന്നില്ല. രോഗപകർച്ച തടയുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ സ്ഥിരം ജീവനക്കാരുടെ സേവനമാണ് ഉപയോഗപ്പെടുത്തിയത്. |

Milan

സെക്ഷൻ ഓഫീസർ